83305

EH for urgent action

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - 2021 ലെ പൊതുസ്ഥലം മാറ്റം -മാർഗ്ഗ നിർദ്ദേശങ്ങൾ- ഭേദഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യകുടുംബക്ഷേമ (എം) വകുപ്പ്**

സ.ഉ.(സാധാ)നം.2609/2021/ആകു.വ തീയതി, തിരുവനന്തപുരം, 23/11/2021

പരാമർശം : 1 25.02.2017 ലെ സ.ഉ(പി) നം.3/2017/ഉഭപവ നമ്പർ സർക്കാർ ഉത്തരവ്

2 ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 18.11.2021 തീയതിയിലെ ഇ. എച്ച്-13060/2020/ആവഡ നമ്പർ കത്ത്

**ഉത്തരവ്**

. ആരോഗ്യ വകുപ്പിലെ 2021 ലെ പൊതുസ്ഥലമാറ്റത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തുടർന്ന് സ്പാർക്ക് മുഖേനയുള്ള അപേക്ഷ സമർപ്പിക്കുന്നതിന് സാങ്കേതിക തടസ്സം മൂലം ജീവനക്കാർക്ക് യഥാസമയം അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാതെ വരുന്നതിനാൽ പുതുക്കിയ തീയതി സംബന്ധിച്ച ശുപാർശ പരാമർശം (2) പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആരോഗ്യ വകുപ്പിലെ 2021 ലെ പൊതുസ്ഥലമാറ്റത്തിന് അപേക്ഷ സമർപ്പിക്കേണ്ടതും, ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയും വിധം ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| ഓൺലൈൻ മുഖേന സ്ഥലംമാറ്റ അപേക്ഷകൾ സമർപ്പിക്കേണ്ട അവസാന തീയതി | 30.11.2021 |
| സ്ഥാപനങ്ങളിൽ നിന്നും ജില്ലാ മെഡിക്കൽ ഓഫീസുകളിലേയ്ക്ക് അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി | 03.12.2021 |
| ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേക്ക് അപേക്ഷകൾ സമർപ്പിക്കേണ്ട തീയതി | 9.12.2021 |
| ആരോഗ്യവകുപ്പിൽ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി | 16.12.2021 |
| കരട് പട്ടിക പ്രസിദ്ധീകരിക്കുന്ന തീയതി | 27.12.2021 |
| അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | 05.01.2022 |

പരാമർശ ഉത്തരവ് മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രാജൻ നാംദേവ് ഖൊബ്രാഗഡെ**

പ്രിൻസിപ്പൽ സെക്രട്ടറി

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

എല്ലാ DMO യ്ക്കും
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ്&ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്

മേലെഴുത്ത് no EH1-83305/21 Dt 24.11.2021

പകർപ്പ് എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാരുടെയും അറിവിലേക്കും തുടർ നടപടികൾക്കുമായി

To,

1. എല്ലാ ജില്ലാ മെഡിക്കൽ ഓഫീസർമാർക്കും
2. എല്ലാ എസ്റ്റാബ്ലിഷ്മെന്റ് സെക്ഷനുകൾക്കും
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ്

ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് വേണ്ടി